Total Page-18



5/1/2025

Item Code: 643 Participant Code: 313

വിഷയം – മാതൃഭാഷയുടെ വികാസം എന്റെ കാഴ്ചപ്പാടിൽ.

# മങ്ങുന്ന മലയാളവും മാറുന്ന കാഴ്ചപ്പാടുകളും

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ"

– വള്ളത്തോൾ നാരായണമേനോൻ
(എന്റെ ഭാഷ)

വള്ളത്തോളിന്റെ പ്രസിദ്ധമായ കവിതയിലെ വരികളാണിവ. ഏതൊരു മനുഷ്യന്റെയും വളർച്ചയിൽ അമ്മിഞ്ഞപ്പാലിനെപ്പോലെ പ്രധാന്യം വഹിക്കുന്ന ഒന്നാണ് അവന്റെ മാതൃഭാഷ. ജീവിതത്തിന്റെ ഏതൊരു ഘട്ടത്തിലും മുറിച്ചുമാറ്റാൻ കഴിയാത്ത ദൃഢമായ ബന്ധമാണ് ഓരോ മനുഷ്യനും അവന്റെ മാതൃഭാഷയുമായി ഉള്ളത്. ലോകത്ത് മറ്റ് എന്ത ഭാഷകളുണ്ടെങ്കിൽപോലും തങ്ങൾ ഓരോരുത്തർക്കും പ്രധാനപ്പെട്ടതും, പ്രിയ-

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 313

5/1/2025

ത്തിൽ പതിയുന്നതുമാണ് മാതൃഭാഷ.

കേരളവും - മലയാളവും - സാഹിത്യവും

വൈവിധ്യങ്ങളുടെയും പശ്ചിമഘട്ടമലനിരകളുടെ സൗന്ദര്യവും കൈകൊണ്ടു നിൽക്കുന്ന കേരളത്തിലെ മാതൃഭാഷയാണ് മലയാളം. കേരളം ഒരു കൊച്ചുസംസ്ഥാനമാണ് എങ്കിൽ പോലും മലയാളഭാഷയുടെ പ്രശസ്തി ചെന്നെത്താത്ത പ്രദേശങ്ങളില്ല. ആചാര്യന്മാരുടെ ഭാഷ എന്ന നിലയിലും, മലയാള സാഹിത്യത്തിൽ ഇന്നോളം പിറവിയെടുത്തിട്ടുള്ള കൃതികളുടെയും അടിസ്ഥാനത്തിൽ, ഭാഷയും സാഹിത്യവും ലോകപ്രശസ്തമാണ്. ഭരണഘടന അംഗീകരിച്ച 22 ഔദ്യോഗിക ഭാഷകളിൽ വ്യത്യസ്തമായ ഒരു സ്ഥാനം മലയാളത്തിനുമുണ്ട്. സംസ്കൃതത്തിന്റെയും തമിഴിന്റെയും സ്വാധീനത്തിൽ നിന്നും മലയാളഭാഷക്ക് ലിപിയും, അക്ഷരങ്ങളും

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

നിർണ്ണയിച്ച് സ്വാതന്ത്ര്യമാക്കിയത് ഭാഷാപി-
താവ് എന്നറിയപ്പെടുന്ന തുഞ്ചത്ത്
രാമാനുജൻ എഴുത്തച്ഛനാണ്. പിന്നീട്
നിരവധി കൃതികൾ മലയാളഭാഷയിൽ
പിറന്നുവീഴുകയും, അവയെല്ലാം ലോകപ്ര-
സിദ്ധി നേടുകയും ചെയ്തു. അവയെല്ലാം,
ഭക്തിപ്രധാനങ്ങൾ ഉള്ളടക്കത്തിലുള്ളതി-
ലും കാലക്രമേണ അത് സമൂഹത്തിന്റെ
പ്രതിഫലനങ്ങളിലേക്ക് പരിഷ്കരണം
ചെയ്യപ്പെട്ടു. എഴുത്തച്ഛന്റെ കിളിപ്പാട്ടും,
ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും,
കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളും,
മലയാളഭാഷയുടെ സാഹിത്യത്തിലൂടെയുള്ള
വളർച്ചയിൽ വഹിച്ച പങ്ക്, ചരിത്ര
പുസ്തകത്തിന്റെ സുവർണ്ണതാളുകളിൽ
എഴുതപ്പെട്ടു. ~~പോഷിപ്പിക്കാത്ത~~
~~ങ്ങളെ എഴുത്തച്ഛന്റെ~~ മലയാളഭാഷയെ,
മാതൃഭാഷയെ ജീവിതത്തിന്റെ ഭാഗം

ആയി കണ്ടിരുന്ന അന്നത്തെ സമൂഹത്തിൽ നിന്നും മലയാളഭാഷയെ തികച്ചും അവഗണിക്കുന്ന ഇന്നത്തെ ആധുനിക സമൂഹത്തിലേക്കുള്ള മാറ്റം. മാതൃഭാഷയുടെ വികാസം എന്ന വിഷയത്തിൽ ആശങ്ക- ഉണർത്തുന്നതാണ്.

മലയാളം – ഇന്നലെ, ഇന്ന്, നാളെ

വിസ്മയകരമായ ഒരു ചരി- ത്രമാണ് മാതൃഭാഷയായ മലയാളത്തിന് ഉള്ളത് എങ്കിലും. ~~അന്ന്~~ അത് ഇന്നിലേക്ക് വരുമ്പോൾ ആ ചരിത്രങ്ങളെല്ലാം പൂർണ്ണ മായി ~~ഭ~~ മറന്ന് പോവുകയും ഭാരത ചലനങ്ങൾ മാത്രമായി മാറുകയും ചെയ്യുന്നു. ഭാവിയിലേക്ക് ദൃഷ്ടികൾ ചായ് ക്കുമ്പോൾ അത് സങ്കീർണമാവുകയാണ്.

നമ്മുടെ സംസ്കാരമാണ് നമ്മുടെ മാതൃഭാഷ. പരിഷ്കൃത ലോകത്തിനു പിന്നിൽ പായുന്ന മലയാളി അവന്റെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റേതുമായ വേരുകൾ അറുത്ത് പലായനം ചെയ്യപ്പെടുകയാണ്. ആംഗലേയ ഭാഷകളിൽ ആകൃഷ്ടരാവുന്ന ഓരോ മനുഷ്യനും, താൻ ചവിട്ടിനിൽക്കുന്ന തന്റെ അടിസ്ഥാനശിലയായ മലയാള സംസ്കാരത്തിൽ നിന്നുതന്നെയാണ് അകലുന്നത് എന്നതാണ് യാഥാർത്ഥ്യം.

പുതിയ സാധ്യതകളും അവസരങ്ങളും തേടുന്ന മലയാളിക്ക് മലയാളം അപരിഷ്കൃതമാവുന്നു എന്നതാണ് സമകാലിക കേരളത്തിലെ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 313

5/1/2025

ഏറ്റവും വലിയ പ്രതിസന്ധി. മാതൃഭാ-
ഷയെ മറക്കുന്ന മനുഷ്യൻ തന്റെ
മസ്തിഷ്കത്തിലെ ഒരവയവത്തെ
തന്നെയാണ് നശിപ്പിക്കുന്നത്.
ഒരു വ്യക്തിയുടെ വികാസത്തിനും
വളർച്ചക്കും മാതൃഭാഷയുടെ സാന്നിധ്യം
കൂടിയേ തീരൂ എന്ന യാഥാർത്ഥ്യം
പരിഷ്കൃത സമൂഹമെന്ന് സ്വയം
രേഖപ്പെടുത്തുന്ന ഇന്നത്തെ സമൂഹം
തിരിച്ചറിയുന്നില്ല.

ഇത്തരമൊരു സാഹ-
ചര്യത്തിൽ മലയാളഭാഷയുടെ ഭാവി
ചോദ്യചിഹ്നത്തിലായി മാറുന്നു.
സംസ്കാരങ്ങളെയും, മാതൃഭാഷയെയും
അവഗണിക്കാൻ പരിശീലിപ്പിക്കുന്ന
ഇന്നത്തെ സമൂഹത്തിൽ നിന്നും,
മാതൃഭാഷയെയും, സംസ്കാരത്തെയും
അറിയാത്ത ഒരു ഭാവി തലമുറ ഉയർന്നുവരും

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

യാവരും വാർത്തെടുക്കുക.

## മങ്ങുന്ന മലയാളവും മാറുന്ന കേരളവും

സമകാലീന സാഹചര്യങ്ങൾ വിശകലന വിധേയമാക്കുമ്പോൾ

“ആറുമലയാളിക്കും നൂറുമലയാളം
അരമലയാളിക്കും ഒരുമലയാളം
മലയാളിക്കു മലയാളമില്ല്”

– എന്ന കുഞ്ഞുണ്ണിമാഷിന്റെ വരികളാണ് പ്രസക്തമാവുന്നത്. കാലത്തിനൊപ്പം സഞ്ചരിക്കണമെങ്കിലും ഇന്ന് മലയാളികൾ കാലത്തിനുമുന്നേ സഞ്ചരിച്ച് കിതച്ചിരിക്കുകയാണ്. മാറുന്ന കാലത്തിനൊപ്പം തന്റെ ജീവിതരീതികളും ശീലങ്ങളും മാറുന്ന മലയാളി ജീവശ്വാസം പോലെ പ്രധാനമായ മാതൃഭാഷയെയും, നമ്മുടെ നിലനിൽപ്പിന്

ആധാരമായ സംസ്കാരത്തെയും പൂർണമായും അവഗണിക്കുന്നു.

മാതൃഭാഷയായ മലയാളം ഉപരിപഠനത്തിനായി തിരഞ്ഞെടുക്കുന്ന എത്ര പേരുണ്ട്? കേരളം വിട്ട് മറ്റ് വിദേശരാജ്യങ്ങളിലേക്ക് പോകുന്നതാണ് ഇന്നത്തെ വിദ്യാർത്ഥികളുടെ പരമലക്ഷ്യം തന്നെ. മലയാളപുസ്തകങ്ങൾ വായിക്കുന്നതും മലയാളഭാഷ സംസാരിക്കുന്നതും ഇന്നത്തെ പരിഷ്കൃത സമൂഹത്തിൽ അപരിഷ്കൃതമായി മാറുന്നു.

ഭാഷയുടെ കാര്യത്തിൽ മാത്രമല്ല, സംസ്കാരത്തിലും ശീലങ്ങളിലും മാറ്റങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു. കൂട്ടുകുടുംബങ്ങൾ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 313

5/1/2025

നിന്ന് അണുകുടുംബങ്ങളിലേക്കും, ഫ്ലാറ്റ് ജീവിതങ്ങളിലേക്കും പരിവർത്തനം ചെയ്യപ്പെടുമ്പോൾ വിശാലവും വൈവിധ്യവും ഉൾക്കൊള്ളുന്ന തന്റെ ചിന്തകൾ അനാവശ്യമായും സ്വാതന്ത്ര്യത്തോടെയും പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു മാധ്യമമായ മനുഷ്യമനസ്സും, മൂല്യാധിഷ്ഠിതമായ ഒരു സംസ്കാരവും അവിടെ നാമാവശേഷമാവുന്നു. വികസനങ്ങളും, മാറ്റങ്ങളും പരിവർത്തനങ്ങളും അനിവാര്യമാണ്, എന്നാൽ അത് സ്വയം മറക്കുന്നതാവുമ്പോൾ മനുഷ്യരാശിയുടെ വികാസം കൂടുതൽ സങ്കീർണമാവുകയാണ്. തന്റെ നേട്ടങ്ങൾക്കും, ചലനവേഗതയിലുള്ള വികാസത്തിനും ഒപ്പം തന്നെ മനുഷ്യരാശിയുടെ വികാസത്തിലൂടെയും മാത്രമെ അതു പൂർണമാവൂ.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

എന്നു തിരിച്ചറിയേണ്ട സമയം എപ്പോഴോ കടന്നുപോയിരിക്കുന്നു. ലോകം മലയാളത്തിന്റെ മഹത്വവും പ്രാധാന്യവും ഉൾക്കൊണ്ടും ചർച്ചചെയ്യുമ്പോൾ മലയാളി അതറിയാതെ അന്യ സംസ്കാരങ്ങൾക്കും, ആംഗലേയ ഭാഷകൾക്കും കീഴ്പ്പെട്ടുപോകുന്നു.

## പ്രതീക്ഷയുടെ കിരണങ്ങൾ

മലയാളവും മാതൃഭാഷയും ഇത്തരം വൈവിധ്യമാർന്ന വെല്ലുവിളികൾ അഭിമുഖീകരിക്കുമ്പോൾ പോലും, മലയാളസാഹിത്യത്തിലേക്ക് ചലനം തീർത്തുകൊണ്ട്, ഭാവനാലോകത്തിന്റെയും സർഗ്ഗാത്മകതയുടെയും സമൂഹത്തിന്റെയും കാലത്തിന്റെയും ചിന്തകൾ അടയാളപ്പെടു-

ത്തുന്നതുമായ മലയാളകൃതികൾ പോതികയുടെ കിരണങ്ങളാണ് ഉണർത്തുന്നത്. ബെന്യാമിനെയും, കെ. ആർ. മീരയെയും, പി. എഫ്. മാത്യൂസിനെയും, ഇന്ദുഗോപനെയും പോലുള്ള എഴുത്തുകാർ സജീവമാക്കി മലയാള സാഹിത്യത്തിൽ എഴുതുന്നതും അത് വിവിധഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നതും മലയാള ഭാഷാവികാസത്തിന്റെ വഴികളിൽ നവീനവും വിപ്ലവാത്മകവുമായ പരിവർത്തനങ്ങൾ കൊണ്ടുവരാൻ സാധിക്കും എന്നതിന്റെ സൂചനയാണ്.

വിദ്യാരംഗം കലാസാഹിത്യ വേദിയും, ലൈബ്രറി കൗൺസിലുമെല്ലാം സ്കൂൾതലത്തിലും, കലാലയതലത്തിലുമായി നടത്തിവരുന്ന

സർഗ്ഗോത്സവവും, ഭാഷാവാങ്മയവും വായനോത്സവവും പോലെയുള്ള പരിപാടികൾ വിദ്യാർത്ഥികളിലും സമൂഹത്തിലും വാടികരിഞ്ഞു പോവുന്ന മനുഷ്യത്വത്തെയും പുനരുജ്ജീവിപ്പിക്കാൻ പ്രചോദനങ്ങൾ സൃഷ്ടിക്കും.

ലോകസാഹിത്യത്തിലും, ക്ലാസിക്കൽ ചർച്ചകളിലുമെല്ലാം മലയാള സാഹിത്യത്തിലെ പുതിയതും പഴയതുമായ കൃതികൾ പുനർവായന നടത്തുന്നതും, വിമർശനവിധേയമാവുന്നതും, ചർച്ചചെയ്യപ്പെടുന്നതും പുതുതലമുറയുടെ ~~സമ്പുഷ്ടമായ~~ ആശയ സമ്പുഷ്ടമായ മനസ്സിൽ മനുഷ്യരാശിയുടെ വിത്തുകൾ പാകുന്നതിനും അവയെ വളർത്തിയെടു-

ക്കുന്നതിനും സഹായകരമാവും

'ജനിക്കുംമുമ്പെൻ മകൻ
ഇംഗ്ലീഷ് പഠിക്കണം
അതുകൊണ്ട് അമ്മതൻ-
പേറങ്ങ് ഇംഗ്ലണ്ടിലാക്കി'

- കുഞ്ഞുണ്ണിമാഷ്

ഇത്തരം കാഴ്ചപ്പാടുകൾ പോലും പുലർത്തുന്ന സമൂഹത്തിലെ, മാതൃഭാഷയെ പുനർജീവിപ്പിക്കാനും അതിന്റെ വികാസത്തിനും വേണ്ടി നടത്തിവരുന്ന ഇത്തരം പ്രവർത്ത നങ്ങൾ വിപ്ലവകരമായ മാറ്റങ്ങളെ സ്വപ്നം കാണുന്ന ഏതൊരു ഭാഷാ സ്നേഹിക്കും പ്രതീക്ഷയുടെ കിര- ണങ്ങളായി മാറുന്നു. മലയാളത്തെ മങ്ങാതെ കാത്തുസൂക്ഷിക്കാനാവും എന്ന കരുത്താണ് പകരുന്നത്.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 313

## നിർമ്മിതബുദ്ധിയും സാങ്കേതികവിദ്യകളും മാതൃഭാഷയും.

ഇന്ന് സാങ്കേതിക വിദ്യകളുടെയും നിർമ്മിതബുദ്ധിയുടെയും ഒരു ഓൺലൈൻ യുഗമാണ്. ഈ കാലഘട്ടത്തിൽ മാതൃഭാഷയായ മലയാളം ഒരു വിനിമയോപാധി പോലുമായി മാറുന്നില്ല എന്നതാണ് സത്യം. ചാറ്റ്ജിപിടിക്കും, മെറ്റ എ.ഐ ക്കും മുന്നിൽ കീഴടങ്ങുന്ന മനുഷ്യന്റെ സർഗ്ഗാത്മകതക്കും ഭാവനക്കും പുതിയ പാതയിലേക്കു നയിക്കണമെങ്കിൽ അത് മാതൃഭാഷയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

വിശക്കുന്നവന്റെ

വിശപ്പ് തിരിച്ചറിയുന്ന രാഷ്ട്രീയമറിയും

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

കൊള്ളുവാനും മഹത്വം തിരിച്ചറിയാനുമാണ് ശ്രമിക്കേണ്ടത്.

## കെട്ടിപടുക്കാം ഒരു നവസമൂഹത്തെ

നായാടിയും നാടോടിയുമായിരുന്ന മനുഷ്യൻ ഒരുസ്ഥലത്ത് സ്ഥിരമായി താമസിക്കാൻ തുടങ്ങിയതുമുതൽ ഇന്നത്തെ കാലഘട്ടത്തിലേക്കുള്ള ഉദ്ബോധനവും, സാമൂഹ്യപുരോഗതിയുടെയും യാത്രയിൽ ഒരു അവിഭാജ്യ ഘടകമാണ് മാതൃഭാഷ.

നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ മഹത്വം തിരിച്ചറിയാനും, പ്രാധാന്യം ഉൾക്കൊള്ളുവാനും കഴിയുന്ന

ഒരു നവവസന്തത്തെയാണ് കെട്ടിപ്പടുക്കേണ്ടത്. മലയാള ഭാഷയുടെ സംരക്ഷണത്തിനായി മുദ്രാവാക്യങ്ങളും പോസ്റ്ററുകളുമായി തെരുവുകളിലേക്ക് ഇറങ്ങുന്ന മലയാളികളുടെ ഗതികേട് ഇനിയുമാവർത്തിച്ചുകൂടാ.

ഓരോ മനുഷ്യന്റെയും രക്തത്തിൽ അലിഞ്ഞുചേർന്നതാണ് അവന്റെ മാതൃഭാഷ. ആ മാതൃഭാഷയെ അവഗണിക്കാതെ തന്റെ വികാസങ്ങൾക്കൊപ്പം, മാതൃഭാഷയുടെ വികാസവും സ്വപ്നംകാണുന്ന അതിനുവേണ്ടി പരിശ്രമിക്കുന്ന ഒരു തലമുറയാണ് ഉയർന്നുവരേണ്ടത്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും ചിന്താശക്തിയും യുക്തിസഹ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 313

പുതുമയായ ഒരു സമൂഹത്തിനു വേണ്ടി ഒന്നിച്ചുപ്രയത്നിക്കാം. ~~ഈ~~ തന്റെ അമ്മയെപ്പോലെതന്നെ മാതൃഭാഷയെയും കരുതുന്ന, സംസ്കാരത്തെ സംരക്ഷിക്കുന്ന ഒരു നവപാതയിലേക്കാവട്ടെ നമ്മുടെ ഓരോ ചുവടുവെപ്പും

ഓർക്കുക ഭൂതകാലത്തിലും സംസ്കാരത്തിലും വേരുറച്ചുനിന്നാൽ മാത്രമേ ഭാവിയുടെ ആകാശങ്ങളിലേക്ക് പറന്നുയരാനാവൂ.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)